# 52

# "ഭയപ്പെടാതെ"

# (18:1–11)

നിങ്ങൾ എപ്പോഴെങ്കിലും ഭയപ്പെട്ടിട്ടുണ്ടോ? നമ്മുടെ ജീവിതത്തിൽ ചിലപ്പോഴെല്ലാം നാമെല്ലാവരും ഭയന്നിട്ടാണ്, ചിലർ മിക്കപ്പോഴും ഭയപ്പെടാറുണ്ട്. സ്കൂൾ കുട്ടികൾ തങ്ങളുടെ അടുത്ത പരീക്ഷയിൽ പരാജയപ്പെടുമോ എന്നു ഭയപ്പെടുന്നു. ജോലിക്കാർ തങ്ങളുടെ ജോലി പോകുമോ എന്നു ഭയപ്പെടുന്നു. പുതിയ ദമ്പതികൾ അവരുടെ സ്നേഹം നീണ്ടുനിൽക്കുമോ എന്നു ഭയപ്പെടുന്നു. മാറ്റം വരുത്തുവാൻ സാദ്ധ്യമല്ലാത്ത ഭൂതകാല രഹസ്യങ്ങളെ ഭയപ്പെടുന്നവർ ഉണ്ട്, വർത്തമാന കാല മുറിവുകളെയും, അതിന്റെ ഭദ്രതയില്ലായ്മയെയും അറിഞ്ഞുകൂടാത്ത ഭാവിയെകുറിച്ചുള്ള അനിശ്ചിതത്വത്തെയും ഭയത്തോടെ വീക്ഷിക്കുന്നവർ ഉണ്ട്.

മനുഷ്യാവസ്ഥയുടെ ഭാഗമാണ് ഭയം. സംശയിക്കുകയാണെങ്കിൽ, ബൈബിളിലെ "ഭയം" "ഭീതി" എന്ന വാക്കുകൾ നോക്കുക. ഉല്പത്തി പുസ്തകം മാത്രം നോക്കിയാൽ, ചിലപ്പോൾ അല്ലെങ്കിൽ മറ്റൊരവസരത്തിൽ, മുഖ്യ കഥാപാത്രങ്ങൾക്കെല്ലാം ഭയമുണ്ടായിരുന്നതായി നിങ്ങൾക്കു കാണാം: ആദാം, അബ്രഹാം, സാറ, ലോത്ത്, ഇസഹാക്ക്, യാക്കൊബ്, യാക്കൊബിന്റെ മക്കൾ (ഉല്പത്തി 3:10; 15:1; 18:15; 19:30; 20:11; 26:7; 31:31; 43:18). എങ്ങനെയായാലും, ഞാൻ കൂട്ടിച്ചേർക്കുവാൻ ആഗ്രഹിക്കുന്നത്, ഭയപ്പെടുക എന്നതു സ്വാഭാവികമാണെങ്കിലും, ചിലർ ചെയ്യുന്നതു*പോലെ* ഭയത്തിൽ *ജീവിക്കുക* എന്നതു സ്വാഭാവികമല്ല.

നമ്മുടെ പാഠത്തിൽ, അജയ്യനായിരുന്ന അപ്പൊസ്തലനായിരുന്ന പൗലൊസ് ഭയമുള്ളവനായിരുന്നു എന്നു കാണാൻ പോകുന്നു. ആ ഭയത്തെ കീഴടക്കുവാൻ കർത്താവ് എങ്ങനെ അവനെ സഹായിച്ചു എന്നും കാണും – ഭയത്തെ കീഴ്പ്പെടുത്തുവാൻ നമ്മെയും കർത്താവു എങ്ങനെ സഹായിക്കുമെന്നും കാണാം.

ലോകത്തിന്റെ വിദ്യാഭ്യാസത്തിന്റേയും സംസ്ക്കാരത്തിന്റേയും കേന്ദ്രമായ അഥേനയിൽ, പൗലൊസ് പ്രസംഗിച്ചു. 18–ാം അദ്ധ്യായം തുടങ്ങുന്നതു ഈ വിവരണത്തോടെയാണ്: "അനന്തരം അവൻ അഥേന വിട്ടു കൊരിന്തിൽ ചെന്നു."[1] കൊരിന്ത് ഏതാണ്ട് നാല്പതു മൈലുകൾ മാത്രം അകലെ പടിഞ്ഞാറു മാറി സ്ഥിതിചെയ്തിരുന്നു, എന്നാൽ പൗലൊസ് മറ്റൊരു രാജ്യത്തേക്കു പോകയായിരുന്നേക്കാം. അഥേന ഒരു ചെറിയ സർവ്വകലാശാലാ ടൗൺ ആയിരുന്നു; കൊരിന്ത് ആണെങ്കിൽ

ലോകത്തിന്റെ വ്യാപാരകേന്ദ്രങ്ങളിൽ ഒന്നായിരുന്നു.[2] അഥേനക്കാർ ബുദ്ധിയുടെ ഉപജാപസംഘം തീർത്തിരുന്നു; കൊരിന്ത്യർ ജഡമോഹികളായിരുന്നു. അഥേനക്കാർ സത്യം അന്വേഷിക്കുന്നതായി അവകാശപ്പെട്ടിരുന്നു; കൊരിന്ത്യർ ലജ്ജിക്കാതെ സുഖഭോഗത്തെ അന്വേഷിച്ചിരുന്നു.

### പൗലൊസിനു ഒരു പ്രശനമുണ്ടായിരുന്നു (18:1, 9)

പ്രവൃത്തികൾ 18:1–8 വരെയുളള ഭാഗത്തെ പൗലൊസിന്റെ കൊരിന്ത്യയിലെ പ്രവർത്തനങ്ങളെ നാം വായിക്കുമ്പോൾ, വിജയത്തെ തുടർന്നു വിജയിക്കുന്നതായി തോന്നാം. അതുകൊണ്ട് പൗലൊസിൽ സന്തോഷവും ആത്മവിശ്വാസവും നിറഞ്ഞു കവിഞ്ഞിരിക്കും എന്നാണ് നാം വിചാരിക്കുന്നത്. 9–ാം വാക്യം വായിക്കുമ്പോൾ, അതുകൊണ്ട്, നമ്മെ അതിശയിപ്പിക്കുമാറ് കർത്താവ് ഒരു സന്ദേശവുമായി പൗലൊസിന്നു പ്രത്യക്ഷനായി: “ഭയപ്പെടാതെ.”[3] “*ഭയപ്പെടാതെ*”? നാം നിലവിളിച്ചുപോകും, “എന്നാൽ അവൻ ഭയപ്പെട്ടതു നാം അറിഞ്ഞില്ല.” എങ്ങനെയായാലും, പൗലൊസിനെ സംശയങ്ങളും ഭയവും, അവൻ തിരക്കുളള ആസ്ഥാന നഗരമായ കൊരിന്തിൽ പ്രവേശിച്ചപ്പോൾ അവനെ ബാധിച്ചു.

പൗലൊസിന്റെ കത്തിടപാടിൽ നിന്നു നമുക്ക് ഇതു അറിയാം. പൗലൊസിന്റെ കൊരിന്ത്യാശുശ്രൂഷക്കിടയിൽ, ഗൗരവമായി തന്റെ എഴുത്തു ശുശ്രൂഷയും ആരംഭിച്ചു.[4] അങ്ങനെയാണ് ലൂക്കൊസിന്റെ വിവരണത്തിനു അവന്റെ അനുബന്ധ ലേഖനങ്ങൾ കിട്ടിയതും ചില വിടവുകൾ നികത്തപ്പെട്ടതും.[5] താൻ അവരുടെ പട്ടണത്തിൽ പ്രവേശിച്ചപ്പോൾ മനസ്സ് എങ്ങനെയായിരുന്നു എന്ന്, കൊരിന്ത്യർക്കു ലേഖനം എഴുതുമ്പോൾ പൗലൊസ് പറയുന്നു:

> ഞാനും, സഹോദരന്മാരേ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ വചനത്തിന്റേയോ ജ്ഞാനത്തിന്റേയോ വൈഭവം കൂടാതെയത്രെ ദൈവത്തിന്റെ സാക്ഷ്യം ... നിങ്ങളോടു പ്രസ്താവിപ്പാൻ വന്നതു. ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു. ഞാൻ ബലഹീനതയോടും വളരെ നടുക്കത്തോടും കൂടെ നിങ്ങളുടെ ഇടയിൽ ഇരുന്നു (1 കൊരിന്ത്യർ 2:1–3).

എന്തുകൊണ്ടാണ് പൗലൊസ് “ബലഹീനതയോടും നടുക്കത്തോടും കൊരിന്തിലേക്ക് വന്നത്”? പൗലൊസിന്റെ സാഹചര്യവും മാനുഷ്യാത്മാവും വെച്ചുകൊണ്ട്, നമുക്കു ചില വിദ്യാഭ്യാസ ഊഹങ്ങൾ നടത്താം.

#### ക്രമപ്പെടുത്താതെ പോയ ഒരു ഭൂതകാലം

നമ്മിൽ അനേകർ ചെയ്യുന്നതുപോലെ, പൗലൊസും തന്റെ *കഴിഞ്ഞകാല* ഇര തന്നെ വേട്ടയാടുവാൻ അവൻ അനുവദിച്ചു. അഥേനയിൽ കുറച്ചുപേർ മാത്രം പ്രതികരിച്ചതു അവനെ അലട്ടിക്കൊണ്ടിരുന്നിരിക്കാം. മറ്റുളള സ്ഥലങ്ങളുമായി നോക്കിയാൽ അഥേനയിലെ അവന്റെ

താമസം കുറച്ചുനാൾ മാത്രമായിരുന്നു – പോകേണ്ടിവന്നതുകൊണ്ടല്ല, താൻ പോകുവാൻ ആഗ്രഹിച്ചതുകൊണ്ടാണ്. (ഗ്രീസിൽ അഥേന എന്ന ആദ്യപട്ടണം മാത്രമാണ് അവനെ പട്ടണം വിട്ടുപോകാൻ നിർബ്ബന്ധി ക്കാതിരുന്നത്!) അഥേനയിലെ തത്വജ്ഞാനികൾക്കിടയിൽ അവനു കുറെ കാര്യങ്ങൾ ചെയ്യാമായിരുന്നു എന്ന് അവൻ ചിന്തിച്ചിരിക്കാം.

കൂടാതെ, താൻ സ്ഥാപിച്ചു വിട്ടുപോന്ന പറക്കാറായ സഭകളായ ഫിലിപ്പിയ, തെസ്സലൊനിക്യ, ബെരോവ എന്നിവയെക്കുറിച്ചുള്ള ചിന്താ ഭാരവും അവനെ അലട്ടിയേക്കാം (2 കൊരിന്ത്യർ 11:28). പ്രത്യേകിച്ച് താൻ ജീവനും കൊണ്ട് ഓടേണ്ടിവന്ന തെസ്സലൊനിക്യയിലെ പുതിയ ക്രിസ്ത്യാ നികളെ കുറിച്ചുള്ളതിൽ, "പരീക്ഷകൻ [അവരെ] പരീക്ഷിച്ചിരിക്കാം" തന്റെ വേല, അതുകൊണ്ട്, വ്യർത്ഥമായി പോകുമോ എന്നവൻ ഭയപ്പെ ട്ടിരിക്കാം (1 തെസ്സലൊനിക്യർ 3:5).

**അനിശ്ചിതമായ ഒരു വർത്തമാനകാലം**

നാം പലപ്പോഴും ചെയ്യുന്നതുപോലെ, പൗലൊസ് ഒരു പക്ഷേ അവന്റെ *വർത്തമാനകാല* സംഭവങ്ങൾ അവനെ താഴ്ത്തുവാൻ അനു വദിച്ചു കാണും. അവൻ അപ്പോഴും ഏകനായിരുന്നു. ശീലാസും തിമൊ ഥെയൊസും അവന്റെ അപേക്ഷപ്രകാരം അഥേനയിൽ അവനോടു ചേർന്നിരുന്നെങ്കിൽ, അവരെ അവൻ മക്കെദോന്യയിലേക്ക് അയച്ചു കാണും.[6] അരദശലക്ഷം ആളുകൾ ഉള്ള അപരിചിതസ്ഥലത്ത് അങ്ങനെ അവൻ ഏകനായി![7] കൂടാതെ, പണമൊന്നും ഇല്ലാതെയായിരിക്കാം പൗലൊസ് കൊരിന്തിൽ എത്തിയത്. ഇതിലും കൂടുതലായി, വൈദ്യനായ ലൂക്കൊസിന്റെ അസാന്നിധ്യത്തിൽ, പൗലൊസ് കൊരിന്തിൽ വന്നപ്പോൾ, രോഗിയായി ("ബലഹീനത" എന്ന വാക്ക് 1 കൊരിന്ത്യർ 2:3 ലേക്ക് തന്റെ ശാരീരിക അവസ്ഥയെ സൂചിപ്പിക്കുന്നു). കൊരിന്ത്യർക്കു പരിചയമുള ളതുപോലെ 2 കൊരിന്ത്യർ 12:7-ൽ "ജഡത്തിൽ മുള്ള്" ഉണ്ടായിരുന്ന തായി പറയുന്നു. ഏകാന്തതയോടുകൂടെ ദാരിദ്ര്യവും രോഗവും ഉറപ്പു ള്ള അവന്റെ ഹൃദയത്തിൽ ഭയം നിറയുവാൻ കാരണമായി.

കൊരിന്തിൽ പൗലൊസിന് ഭീഷണിയും നേരിടേണ്ടി വന്നു. പട്ടണം വലുതും, സമ്പന്നവും, അന്തർഭാഗം വരെ അഴിമതിയെത്തിയതുമായിരു ന്നു. വ്യാപാരത്തിനാണെങ്കിൽ, യോജിച്ച സ്ഥലവുമുണ്ടായിരുന്നു. അതു ഇടുങ്ങിയ ഇസ്തുമസിനോടു[8] ചേർന്നു പെലൊപൊന്നേഷ്യൻ ഉപദ്വീപി നോടും ഗ്രീസിലെ ശേഷം സ്ഥലങ്ങളോടും ചേർന്നു കിടക്കുന്നു, "അവി ടെയാണ് കടൽ ഗ്രീസിനെ കാർന്നു രണ്ടാക്കിയിരിക്കുന്നത്."[9] കിഴക്കു പടിഞ്ഞാറൻ യാത്രകളെല്ലാം കൊരിന്തിൽ കൂടെയാണ് കടന്നു പോകു ന്നത്. കൂടാതെ, അപകടകരമായ നാവികയാത്ര നിമിത്തം തെക്കു – വടക്കു കച്ചവടക്കാരും കൊരിന്ത് വഴി വരുവാൻ കാരണമാകുന്നു. ഉപ ദ്വീപിന്റെ അറ്റത്ത് ആയിരുന്നു കലങ്ങിമറിഞ്ഞ വെള്ളമുള്ള മലേ മുന മ്പ്. കപ്പിത്താൻമാരുടെ ഒരു പഴഞ്ചൊല്ല്: "മാലേ വഴി കപ്പലോടിക്കുവാൻ പോകുന്നവൻ തന്റെ മനസ്സുറപ്പിക്കണം." മാലേക്കു ചുറ്റും കൊടുങ്കാറ്റു ള്ള ഇരു – നൂറു – മൈൽ യാത്ര ഒഴിവാക്കി, മിക്ക കപ്പലുകളും റോമിൽ നിന്നു നീക്കി ലാക്കേയെം തുറമുഖത്തേക്കു നീങ്ങുന്നു (കൊരിന്തിനു

വടക്ക്); അവിടെ അവർ കപ്പലിലെ ചരക്ക് ഇറക്കുവാനും കയറ്റുവാനുമായി കുറച്ചു മൈലുകൾക്കപ്പുറം കെംക്രയ തുറമുഖത്തുള്ള ഇസ്ത്മസിലേക്കു പോയി[10] (കൊരിന്തിന് കിഴക്ക്) അവിടെ സാധനങ്ങൾ മറ്റു കപ്പലിലേക്ക് കയറ്റും.[11] (അവിടെ അവർ കാർഗോയിൽ, നിന്നു സാധനങ്ങൾ ഇറക്കും, പ്രത്യേക തടികൊണ്ടുള്ള വഴിയിലൂടെയാണത്![12]) അങ്ങനെ കൊരിന്തിൽ കൂടെയാണ് ലോകത്ത് വ്യാപാരം ഒഴുകിയിരുന്നത്!

എങ്ങനെയായാലും, കൊരിന്ത് ലോകത്തെ വ്യാപാരത്തിനു – പേരു കേട്ടിരുന്നില്ല. മറിച്ച്, അത്, ലോകത്തിന്റെ കാഴ്ച്ചപ്പാടിൽ ആ സ്ഥലത്തു കൂടെയാണ് "നല്ല സമയത്തിനായി" ആളുകൾ പോയിരുന്നത്. പട്ടണത്തിൽ ഉയർന്നു നിന്നിരുന്ന ഫ്രൊദിത്തൊ ക്ഷേത്രമായ അക്രൊ – കൊരിന്ത്,[13] സ്നേഹത്തിന്റെ, ദേവത എന്ന് അറിയപ്പെട്ടിരുന്നു.[14] ലൗകിക ചരിത്രകാരന്മാർ ഒരായിരം രാജകുമാരിമാരെപ്പറ്റി പറയുന്നുണ്ട് (അതായത്; ആചാരവ്യഭിചാരിണികൾ) ക്ഷേത്രത്തിൽ സേവ ചെയ്തിരുന്നവർ, മലഞ്ചെരുവിൽ രാത്രിയിൽ പട്ടണത്തിന്റെ വീഥികളിൽ വന്ന് അവരുടെ കച്ചവടം നടത്തും.[15] കൊരിന്ത് അന്നത്തെ ഭാഷ സംഭാവന ചെയ്തു എന്ന് സംശയാസ്പദമായ പ്രത്യേകതയുണ്ടായിരുന്നു: "കൊരിന്ത്യനൈസ്" എന്നു പറഞ്ഞാൽ പരസംഗം ചെയ്യുക എന്നാണ്; "കൊരിന്ത്യൻ പെൺകുട്ടി" വ്യഭിചാരിണിയായിരുന്നു.[16]

പൗലൊസ് കൊരിന്തിനെ നോക്കിയപ്പോൾ, അതിൽ സുഖലോലുപത, വിഗ്രഹാരാധന,[17] ബുദ്ധിയുടെ അധികാരം[18] നിറഞ്ഞിരിക്കുന്നതാണ് കണ്ടത്. കൊരിന്ത്യർക്കു പൗലൊസ് എഴുതിയ ഒന്നാം ലേഖനത്തിൽ ആ ഭയപ്പെടുന്ന വെല്ലുവിളി കാണാം:

> അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ? നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പാൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരി, സ്വയഭോഗികൾ, പുരുഷകാമി കൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ, എന്നിവർ ദൈവരാജ്യം അവകാശമാകുകയില്ല. *നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു*; ... (1 കൊരിന്ത്യർ 6:9–11; എംഫസിസ് മൈൻ).

അഥേനക്കാർ ആത്മീയമായി ഫലം പുറപ്പെടുവിക്കാത്ത മണ്ണായിരുന്നെങ്കിൽ, കൊരിന്ത് ഏതാണ്ട് സൂര്യ – താപമേറ്റ മരുഭൂമി പോലെ കാണും.

പൗലൊസിന്നോടുകൂടെ നമ്മിൽ അധികം പേർക്കും തിരിച്ചറിയാം. നമ്മുടെ ജീവിതത്തിൽ, ചില സമയത്ത്, നാമും, അസാദ്ധ്യമെന്നു തോന്നുന്ന വെല്ലുവിളികളെ നേരിട്ടുണ്ട്. ആസ്ത്രേലിയയിലെ, സിഡ്നിയിൽ നിന്നു, സിഡ്നി ഹാർബർ ബ്രിഡ്ജിന്റെ അറ്റത്തുള്ള ഉയർന്ന ഗോപുരത്തിൽ നിന്ന് നോക്കിയാൽ, ഒരു ചെറിയ കൂട്ടം വേലക്കാർക്ക് ആ വലിയ പട്ടണത്തിൽ എന്തു ഫലമുണ്ടാക്കാൻ കഴിയുമെന്ന് അതിശയിച്ചുപോകും എന്നതു ഞാൻ ഓർക്കുന്നു.

**സ്വാഗതം ചെയ്യാത്ത സാദ്ധ്യതകൾ**

പലപ്പോഴും നാം ആയിരിക്കുന്നതുപോലെ, അവസാനം, *ഭാവിയിൽ* എന്തു സംഭവിക്കും എന്നു വിചാരപ്പെട്ടിരിക്കാം. കൊരിന്തിന്റെ വ്യാപാരവിജയം വലിയ കൂട്ടം യെഹൂദന്മാരെ അവിടേക്ക് ആകർഷിച്ചിരുന്നു. അതിനർത്ഥം പട്ടണത്തിൽ പള്ളിയും കാണും പൗലൊസിനു തന്റെ വേല തുടങ്ങുകയുമാകാം, ഇതിന് കുഴപ്പം പതിയിരിക്കുന്നു എന്ന മറ്റൊരു സൂചനയുണ്ട്. പൗലൊസിന്റെ പ്രവർത്തനങ്ങളിൽ ഒരു അടിസ്ഥാനമാതൃക വളർന്നിരുന്നു: (1) ആരംഭത്തിൽ അവനു വിജയം ഉണ്ടാകും; (2) ശക്തമായ എതിർപ്പുണ്ടാകും; (3) അവനോടു മോശമായി പെരുമാറും. മറ്റു പട്ടണങ്ങളിൽ, അവനെ അടിച്ചിട്ടുണ്ട്, കല്ലെറിഞ്ഞിട്ടുണ്ട്, തടവിലാക്കിയിട്ടുണ്ട്, ടൗൺ വിട്ടുപോകുവാൻ നിർബ്ബന്ധിച്ചിട്ടുണ്ട്. ശക്തനായ മനുഷ്യരെപ്പോലും മോശമായ പെരുമാറ്റം അധികമായാൽ അതു ബാധിക്കും, പൗലൊസിനേയും ബാധിക്കാൻ തുടങ്ങി.

**ദൈവത്തിനു പരിഹാരമുണ്ടായിരുന്നു (18:2-11)**

പൗലൊസിന് "ബലഹീനതയും ഭയവും നടുക്കവും ഉണ്ടായിരുന്നപ്പോൾ," ദൈവം അവനെ ഉപേക്ഷിച്ചില്ല. പൗലൊസ് പിന്നീട് കർത്താവിനെ കുറിച്ചു പറഞ്ഞു "സർവ്വാശ്വാസവും നല്കുന്ന ദൈവ വുമായി; സകല കഷ്ഠത്തിലും ഞങ്ങളെ ആശ്വസിപ്പിക്കുന്നു ..." (2 കൊരിന്ത്യർ 1:3, 4). അവൻ കൊരിന്തിലേക്കു വന്നപ്പോൾ, ഒരു പക്ഷേ മറ്റവസരങ്ങളിൽ ദൈവം അവനെ ആശ്വസിപ്പിച്ചതു അവന്റെ മനസിലേക്കു വന്നു കാണും. നമ്മുടെ ആത്മാക്കളിൽ പ്രകാശം നിറഞ്ഞു കവിയുമ്പോൾ മാത്രമല്ല; നമ്മുടെ ഹൃദയങ്ങളിൽ നിരാശയുടെ ഇരുട്ട് നിറയുമ്പോഴും ദൈവം നമ്മോടുകൂടെ ഉണ്ടാകും. നാം ഒറ്റപ്പെടുമ്പോഴും, നിരുത്സാഹപ്പെടുമ്പോഴും, മോഹഭംഗത്തിലാകുമ്പോഴും, ദൈവം നമ്മെ ഉപേക്ഷിക്കയില്ല.

ദൈവം എന്താണ് പൗലൊസിനു വേണ്ടി ചെയ്തത്? നമ്മുടെ വേദഭാഗമനുസരിച്ച്, തന്റെ ഭയാശങ്കകൾ അകറ്റുവാൻ തന്റെ കരുണാധിക്യ പ്രകാരം ആവശ്യമുള്ളത് ചെയ്തു.

**ബന്ധങ്ങളെ സഹിക്കൽ (വാക്യങ്ങൾ 2, 3)**

ആദ്യം, ദൈവം പൗലൊസിനു സഹിക്കുന്ന ബന്ധങ്ങൾ നല്കി. ഭയം നമ്മെ ഭീഷണിപ്പെടുത്തി വിഴുങ്ങുവാൻ ശ്രമിക്കുമ്പോൾ സ്നേഹബന്ധം നമ്മെ ശക്തിപ്പെടുത്തും.

> പിന്നെ [പൗലൊസ്] ഇത്തില്യയിൽ നിന്നു ആയിടക്ക് വന്നവനായി പൊന്തൊസ്കാരൻ[19] അക്വിലാസ്,[20] എന്നു പേരുള്ളോരു യെഹൂദനെയും അവന്റെ ഭാര്യ പ്രിസ്കില്ലയേയും,[21] കണ്ടു, യെഹൂദന്മാർ എല്ലാവരും റോമാ നഗരം വിട്ടു പോകണമെന്നു ക്ലൗദ്യോസ് കല്പിച്ചതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്.[22] അങ്ങനെ അവൻ അവരുടെ അടുക്കൽ ചെന്നു, തൊഴിൽ ഒന്നാക കൊണ്ട് അവൻ അവരോടു കൂടെ പാർത്തു വേല ചെയ്തു പോന്നു (വാക്യങ്ങൾ 2, 3).

ലൗകിക എഴുത്തുകാർ, യെഹൂദന്മാരെ സാമ്രാജ്യപരമായ ഒരു നാടു കടത്തൽ ഏ.ഡി. 49-ൽ നടത്തിയതായി പറയുന്നുണ്ട്.[23] മിക്ക പണ്ഡിതന്മാരും സൂട്ടോണിയാസിന്റെ പ്രസ്താവനയായ് യെഹൂദന്മാരെ ക്ലൗഡ്യേസ് റോം വിട്ടുപോകുവാൻ പറഞ്ഞതിന്റെ കാരണം "ക്രേസ്റ്റസുമായുള്ള ദുഷ്ടപ്രേരണയും നിരന്തരകലഹങ്ങളും ഏർപ്പെട്ടതുകൊണ്ടായിരുന്നു" എന്നതിനോട് യോജിക്കുന്നു.[24] ഇതു ഒരു പക്ഷേ ക്രിസ്തുവിനെ പ്രസംഗിച്ചതിനായി യെഹദന്മാർക്കുണ്ടായ വിരോധം സൂചിപ്പിച്ചതാകാം.[25] ക്രിസ്ത്യാനിത്വത്തെ യെഹൂദന്മാരുടെ ഒരു വകഭേദമായിട്ട് റോം കരുതിയതുകൊണ്ട്, ക്രിസ്ത്യാനികളെയും യെഹൂദന്മാരെയും ഒരു പക്ഷേ പുറത്താക്കിയിരിക്കാം.[26]

പൗലൊസ് അക്വിലാസിനേയും പ്രിസ്കില്ലയെയും കണ്ടുമുട്ടിയപ്പോൾ അവർ ക്രിസ്ത്യാനികകളായിരുന്നോ എന്ന നമുക്ക് അറിയില്ല. അവർ ക്രിസ്ത്യാനികളായിരുന്നു എന്നു വിശ്വസിക്കുന്നവരും അല്ലാത്തവരും ലൂക്കൊസിന്റെ നിശബ്ദതയെയാണ് അടിസ്ഥാനമാക്കുന്നത്: "അവർ ക്രിസ്ത്യാനികളായി കഴിഞ്ഞിരുന്നുവെങ്കിൽ ലൂക്കൊസ് എന്തുകൊണ്ട് അവരുടെ പരിവർത്തനത്തെ പറഞ്ഞില്ല?"; "അവർ ക്രിസ്ത്യാനികളായി കഴിഞ്ഞിരുന്നെങ്കിൽ, ലൂക്കൊസ് എന്തുകൊണ്ടാണ് അക്വിലാസിനെ ക്രിസ്ത്യാനി എന്നു പറയാതെ യെഹൂദൻ എന്നു പറഞ്ഞത്?" വസ്തു എന്തെന്നാൽ തന്റെ കൊരിന്തിലെ ആദ്യ നാളുകളിലെ സ്നാനപ്പെട്ടവരുടെ ലിസ്റ്റ് പൗലൊസ് നല്കിയിട്ടില്ല എന്നതാണ് (1 കൊരിന്ത്യർ 1:14-16). ഒരു പക്ഷേ ഇക്കാരണത്താൽ ആകാം അവൻ അവരെ കണ്ടുമുട്ടുമ്പോൾ അവർ ക്രിസ്ത്യാനികളായിരുന്നു എന്നു വാദിക്കാൻ കാരണം.[27] അവർ ആദ്യം പൗലൊസിനെ കണ്ടുമുട്ടിയപ്പോൾ ക്രിസ്ത്യാനികൾ ആയിരുന്നില്ലെങ്കിൽ, ദിവസേന അവനുമായുള്ള സഹവർത്തിത്വത്തിൽ യേശുമശിഹ എന്നു തീർച്ചയായും അവർ ബോധ്യപ്പെട്ടിരിക്കും.

വേദഭാഗം പറയുന്നു പൗലൊസ് അക്വിലാസിനെ "കണ്ടു" എന്ന്; അതെങ്ങനെ സംഭവിച്ചു എന്നു നമുക്ക് അറിയില്ല. പള്ളിയിൽ ഇരിക്കുമ്പോൾ യെഹൂദന്മാർ ഒരേ തൊഴിൽ ചെയ്യുന്നവർ സംഘമായിട്ടാണ് ഇരിക്കുന്നത് എന്ന് പറയപ്പെടുന്നു.[28] പൗലൊസ് അവിടെ വെച്ച് ഒരു പക്ഷേ, ദൈവ കൃപയാൽ കണ്ടു മുട്ടി അക്വിലാസിന്റേയും പ്രിസ്കില്ലയുടേയും ജോലി ആവശ്യപ്പെട്ടിരിക്കാം. എങ്ങനെയോ അവൻ അവരെ കണ്ടു, അവർ ആയുഷ്കാല സ്നേഹിതന്മാരായി. അവൻ പിന്നീട് അവരെകുറിച്ച് എഴുതി: "ക്രിസ്തു യേശുവിൽ, എന്റെ കൂട്ടുവേലക്കാ രായ, പ്രിസ്കില്ലയെയും[29] അക്വിലാവെയും വന്ദനം ചെയ്വിൻ, അവർ എന്റെ പ്രാണനു വേണ്ടി തങ്ങളുടെ കഴുത്ത് വെച്ചു കൊടുത്തവരായിരുന്നു, അവർക്കു ഞാൻ മാത്രമല്ല, ജാതികളുടെ സകലസഭകളും നന്ദി പറയുന്നു" (റോമർ 16:3, 4).[30]

**നിത്യകർമ്മം സഹിക്കൽ (വാക്യങ്ങൾ 2-4)**

ദൈവം പൗലൊസിന്നു പ്രവർത്തിപ്പാനും കൊടുത്തു. നിങ്ങൾ നിരുത്സാഹപ്പെടുമ്പോൾ, തിരക്കുള്ളവനായിരിക്കുക എന്നതു പ്രാധാന്യമുള്ള കാര്യമാണ്. നിത്യകർമ്മത്തിൽ വ്യാപ്തനായിരിക്കുമ്പോൾ ഭയം

അലിഞ്ഞു പോകും.

ആദ്യം, ദൈവം പൗലൊസിന്നു ശാരീരിക വേല കൊടുത്തു. "അവൻ അവരുടെ [അക്വിലാസിന്റെയും പ്രിസ്കില്ലയുടേയും], അടുക്കൽ ചെന്നു തൊഴിൽ ഒന്നാകകൊണ്ട്, അവൻ അവരോടു കൂടെ പാർത്തു വേല ചെയ്തു പോന്നു; തൊഴിലോ കൂടാരപ്പണിയായിരുന്നു" (വാക്യങ്ങൾ 2, 3). ഇതാദ്യമാണ് നാം പൗലൊസിന്റെ തൊഴിലിനെപ്പറ്റി വായിക്കുന്നത്. പൗലൊസ് ഒരു ഗുരുവാകാൻ പരിശീലനം നേടിയിരുന്നെങ്കിലും, അവൻ കൂടാര – പണിയും പഠിച്ചിരിക്കുന്നു.[31] തണുപ്പ് അകറ്റുന്നതിനും കൂടാരത്തിനു – പറ്റിയതുമായ ആട്ടുരോമം കൊണ്ടുള്ള വസ്ത്ര നിർമ്മാണത്തിനു കേൾവി കേട്ട സ്ഥലമായിരുന്നു, പൗലൊസി നു ജന്മദേശമായിരുന്ന കിലിക്യ.[32] ഗ്രീക്കു വാക്ക് തർജ്ജിമ ചെയ്തിരിക്കുന്ന "കൂടാര – നിർമ്മാതാക്കൾ" എന്നതിനു "തോലിൽ പണി ചെയ്യൽ" എന്നും അർത്ഥമുണ്ട്. പൗലൊസ് തുണിയിലും തോലിലും പണിയുവാൻ കഴിയുന്ന കൈത്തൊഴിൽ വിദഗ്ദനായിരുന്നു.

പൗലൊസ് കൊരിന്തിൽ എത്തിയപ്പോൾ, സാമ്പത്തിക ആവശ്യങ്ങൾക്കു ശാരീരിക അദ്ധ്വാനം അനിവാര്യമായിരുന്നു. എങ്ങനെയായാലും, തന്റെ സാമ്പത്തിക നില മെച്ചമായിട്ടും, അവന്റെ കൈതൊഴിൽ തുടർന്നു വന്നു. (1 കൊരിന്ത്യർ 4:12), താൻ "പണത്തിനു വേണ്ടി പ്രസംഗിക്കുന്നു'' എന്ന ആരോപണം ഒഴിവാക്കാൻ അവൻ ശ്രമിച്ചു (1 കൊരിന്ത്യർ 9:11, 12).[33]

പൗലൊസ് അക്വിലാസിനോടും പ്രിസ്കില്ലയോടും കൂടെ തൊഴിൽ ചെയ്യുക മാത്രമല്ല, എന്നാൽ അവൻ അവരുടെ വീട്ടിൽ താമസിക്കയും ചെയ്തു. ഒരു പക്ഷേ അവരുടെ വീടിനോടു ചേർന്നു കടയും ഉണ്ടായിരുന്നേക്കാം. അവരുടെ താമസസ്ഥലം കൊരിന്ത്യസഭയുടെ കൂടി വരവായിതീർന്നു എന്നു തോന്നുന്നു.[34]

പൗലൊസിന്നു കൈത്തൊഴിൽ ചെയ്യുവാനുള്ള അവസരം മാത്രമല്ല ദൈവം നല്കിയത്, തന്റെ വലിയ ശുശ്രൂഷയായ സുവിശേഷം പങ്കിടുവാനുള്ള അവസരവും കൊടുത്തിരുന്നു. വലിയ വ്യാപാരകേന്ദ്രമായിരുന്ന കൊരിന്തിൽ സാമാന്യം വലിയ യെഹൂദ കോളനിയുണ്ടായിരുന്നു, അതിനാൽ പൗലൊസിന്നു തന്റെ ശുശ്രൂഷ തുടങ്ങുവാൻ പള്ളിയുമുണ്ടായിരുന്നു. അങ്ങനെ നാം വായിക്കുന്നത് "അവൻ വാദിച്ചു കൊണ്ടിരുന്നു എന്നാണ് [തിരുവെഴുത്തുകളെ ആധാരമാക്കി; 17:2] ശബ്ബത്തുതോറും അവൻ പള്ളിയിൽ സംവാദിച്ചു യെഹൂദന്മാരെയും യവനന്മാരെയും സമ്മതിപ്പിച്ചു" (18:4). "യവനന്മാർ" "ദൈവ – ഭക്തിയുള്ളവർ," ആയിരിക്കും പട്ടണത്തിലെ അധർമ്മം കണ്ട് മാറി ശ്രേഷ്ഠമായതു അന്വേഷിച്ചിരിക്കാം. പൗലൊസിന്റെ പള്ളിയിലെ ആദ്യ പ്രസംഗം ഊന്നിയതു ഒരു പക്ഷേ "... ക്രിസ്തു കഷ്ടം അനുഭവിക്കയും മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കയും ചെയ്യേണ്ടതു എന്നും ഞാൻ നിങ്ങളോട് അറിയിക്കുന്ന ഈ യേശുവിനെ ക്രിസ്തു [മശിഹ] എന്നും തെളിയിച്ചു [തിരുവെഴുത്തുകളിൽ നിന്നു] വിവരിച്ചു കൊണ്ടിരുന്നു, ..." (17:3).

കൊരിന്തിലെ നാശനഷ്ടങ്ങളുടെ അവശിഷ്ടങ്ങളുടെ കൂട്ടത്തിൽ പഴയ ഒരു പള്ളിയുടെ ലിന്റൽ കല്ല് കണ്ടെടുക്കയുണ്ടായി, ഒരു പക്ഷേ

പൗലൊസ് പ്രസംഗിച്ച പള്ളിയുടേതായിരിക്കാം.[35]

### താല്പര്യപൂർവ്വമായ ഒരു കൂടിച്ചേരൽ (വാക്യങ്ങൾ 5-8)

പൗലൊസ് ഭൗതികമായും ആത്മികമായും ജോലി ചെയ്തുകൊണ്ടിരുന്നപ്പോൾ, തന്റെ രണ്ടു സഹപ്രവർത്തരുടെ വരവ് അവനു പിന്നെയും പ്രോൽസാഹനം നല്കി. രണ്ടു പുതിയ സ്നേഹിതന്മാരേക്കാൾ എന്തെങ്കിലും മെച്ചമുണ്ടാകണമെങ്കിൽ, പഴയ രണ്ടു സഹപ്രവർത്തകരാലാണ്. നാം വായിക്കുന്നതു "ശീലാസും തിമൊഥെ യൊസും മക്കെദോന്യയിൽ നിന്നു വന്നു" (വാക്യം 5). അഥേനയിൽ വിട്ടു പോയശേഷം, പൗലൊസ് മക്കെദോന്യയിലേക്കു സന്ദേശം എത്തി ച്ചു "ശീലാസിനോടും തിമൊഥെയൊസിനോടും കഴിവതും വേഗത്തിൽ വരുവാനായി" (17:15). 1 തെസ്സലൊനിക്യർ 3:1–5 സൂചിപ്പിക്കുന്നതു തിമൊഥെയൊസ് അഥേനയിൽ പൗലൊസിനോട് ചേർന്നു എന്നും, പൗലൊസ് ഉടനെ അവനെ തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചു ശക്തിപ്പെടുത്തേണ്ടതിനു അവിടേക്ക് അയച്ചു എന്നുമാണ്.[36] ഒരു പക്ഷേ ശീലാസും ചുരുങ്ങിയ സമയത്തേക്ക് അഥേനയിൽ പൗലൊസിനോട് ചേരുകയും അവനെ പൗലൊസ് ഫിലിപ്പിയയിലേക്ക് അയച്ചിരിക്കാനും സാദ്ധ്യതയുണ്ട്.[37]

ശീലാസിന്റേയും തിമൊഥെയൊസിന്റേയും കൊരിന്തിലേക്കുള്ള വരവ് പൗലൊസിനെ പലവിധത്തിൽ ശക്തിപ്പെടുത്തി. അവരുടെ സാന്നിദ്ധ്യം തന്നെ ഒരു പ്രോത്സാഹനമായിരുന്നു. പൗലൊസും, ശീലാസും, തിമൊഥെയൊസും പ്രിസ്കില്ലയുടെ അടുക്കളമേശയിൽ വീണ്ടും ഒരുമിച്ചു ചേർന്നപ്പോൾ, നടന്ന സംഭവങ്ങൾ ഓരോരുത്തരും പറഞ്ഞു ചിരിക്കുന്നതും കരയുന്നതും എനിക്ക് ഊഹിക്കാൻ കഴിയും. തെസ്സലൊനിക്യാ സഭയിൽ നിന്നു തിമൊഥെയൊസ് നല്ല വാർത്തകൾ കൊണ്ടുവന്നു. പൗലൊസ് തെസ്സലൊനിക്യർക്കു എഴുതി, "ഇപ്പോഴോ തിമൊഥെയൊസ് നിങ്ങളുടെ അടുക്കൽ നിന്നു വന്നു, നിങ്ങളുടെ വിശ്വാസത്തെയും സ്നേഹത്തെയും പറ്റിയും സദ്വർത്തമാനം അറിയിച്ചു, ... അതു ഞങ്ങളുടെ സകല കഷ്ടത്തിലും സങ്കടത്തിലും നിങ്ങളുടെ വിശ്വാസം ഹേതുവായി ഞങ്ങൾ നിങ്ങളെകുറിച്ച് ആശ്വാസം പ്രാപിച്ചു" (1 തെസ്സലൊനിക്യർ 3:6, 7). കൂടാതെ, ശീലാസും തിമൊഥെയൊസും ഫിലിപ്പിയയിലെ ക്രിസ്ത്യാനികളിൽ നിന്നു വേണ്ടത്ര സാമ്പത്തിക സഹായവും കൊണ്ടു വന്നു.[38] പൗലൊസ് പിന്നീട് കൊരിന്ത്യർക്കു എഴുതി "നിങ്ങളുടെ ഇടയിൽ ഇരുന്നപ്പോൾ മുട്ടുണ്ടായപ്പോൾ ഞാൻ ഒരുത്തനേയും ഭാരപ്പെടുത്തിയില്ല മക്കെദോന്യയിൽ,[39] നിന്നു വന്ന സഹോദരന്മാർ അത്രേ എന്റെ മുട്ടു തീർത്തത്" (2 കൊരിന്ത്യർ 11:9). തന്റെ ആദ്യ സ്നേഹത്തിൽ മുഴുവൻ സമയ സുവിശേഷഘോഷണം സമർപ്പിക്കുന്നിനു ഈ ദാനം സഹായിച്ചു: "ശീലാസും തിമൊഥെയൊസും മക്കെദോന്യയിൽ നിന്നു വന്നാറെ, പൗലൊസ് വചനഘോ ഷണത്തിൽ ശുഷ്ക്കാന്തി പൂണ്ടു. യേശു തന്നെ ക്രിസ്തു എന്നു യെഹൂദന്മാർക്കു സാക്ഷീകരിച്ചു"[40] (വാക്യം 5).

ശീലാസിന്റേയും തിമൊഥെയൊസിന്റേയും വരവ് പൗലൊസിനു

പള്ളിയിൽ ശുഷ്കാന്തിയോടെ പ്രസംഗിപ്പാൻ ഉണർവ്വ് നല്കി. മുൻപ്, അവൻ ഊന്നൽ കൊടുത്തത് മശിഹ വന്നു കഷ്ടം ഏല്ക്കയും, മരിച്ച്, ഉയിർത്തെഴുന്നേല്ക്കയും ചെയ്തു. ഈ ചിന്താധാര അവൻ അവ സാനഘട്ടത്തിലെത്തിച്ച്, "*യേശു* ക്രിസ്തുവായിരുന്നു [മശിഹ] എന്ന് ഉത്സാഹത്തോടെ സാക്ഷീകരിച്ചു" (വാക്യം 5; എംഫസിസ് മൈൻ).[41]

യേശു തന്നെ ക്രിസ്തു എന്നു പൗലൊസ് പ്രസംഗിച്ചപ്പോൾ, യെഹൂ ദന്മാർ വിരോധികളായിത്തീർന്നു. അവർ "എതിർ പറകയും [അവനെ] ദുഷിക്കയും ചെയ്തു'' (വാക്യം 6). അവർ ഇതു ചെയ്തപ്പോൾ, പൗലൊസ് "വസ്ത്രം കുടഞ്ഞുകൊണ്ടു പറഞ്ഞു, 'നിങ്ങളുടെ നാശ ത്തിനു നിങ്ങൾ തന്നേ ഉത്തരവാദികൾ! ഞാൻ നിർമ്മലൻ. ഇനിമേൽ ഞാൻ ജാതികളുടെ അടുക്കൽ പോകും എന്നു പറഞ്ഞു'"[42] (വാക്യം 6). പഴയ നിയമത്തിലെ പ്രതീകാത്മക പ്രസ്താവനയായിരു ന്നു പൗലൊ സിന്റേത്. മുൻപ്, പിസിദ്യയിലെ അന്തോക്യയിൽ വെച്ച് യെഹൂദ ന്മാർക്കെതിരെ പൗലൊസും ബർന്നബാസും അവരുടെ കാലിലെ പൊടി സാക്ഷ്യത്തിനായി കുടഞ്ഞു കളയുന്നത് (13:50, 51); പൗലൊസ് വസ്ത്ര ത്തിലെ പൊടി കുടഞ്ഞു കളഞ്ഞതും അടിസ്ഥാനപരമായി അതേ സന്ദേശം ആണ് നല്കുന്നത്: "നിങ്ങളെ ദൈവം തള്ളിക്കളഞ്ഞിരിക്കുന്നു; ആകയാൽ, ഞങ്ങൾക്കു ഇനി നിങ്ങളോട് ഒരു കാര്യവുമില്ല!"[43]

പൗലൊസിന്റെ വാക്കുകളായ അവരുടെ നാശത്തിനു അവർ തന്നെ ഉത്തരവാദികൾ ഞാൻ "നിർമ്മലൻ," എന്നതു നേരിട്ട് യെഹെസ്കേൽ 3 ലേതും 33 ലേതുമാണ്. ദൈവത്തിന്റെ സന്ദേശ വാഹകൻ ദുഷ്ടനോട് മുന്നറിയിച്ചില്ലെങ്കിൽ, അവൻ തന്റെ അകൃത്യത്തിൽ മരിക്കും – എന്നാൽ അവന്റെ രക്തം മുന്നറിയിക്കുവാൻ പരാജയപ്പെട്ടവനോട് ചോദിക്കും (യെഹെസ്കേൽ 3:18; 33:8). മറിച്ച്, ദൈവത്തിന്റെ സന്ദേശവാകർ ദുഷ്ട നോട് അവന്റെ ദുഷ്ടത മുന്നറിയിക്കയും, ദുഷ്ടൻ അതു കേട്ടു തന്റെ ജീവിതം മാറ്റിയാലും ഇല്ലെങ്കിലും – സന്ദേശവാഹകർ തന്റെ പ്രാണനെ മരണത്തിൽ നിന്നു വിടുവിക്കും അപ്പോൾ ദുഷ്ടനു മാത്രമായിരിക്കും അതിന്റെ ഉത്തരവാദിത്വം (യെഹെസ്കേൽ 3:19; 33:9). കേട്ട മുന്നറിയിപ്പ് ഒരാൾ അവഗണിച്ചാൽ, "അവന്റെ രക്തം തലയിൽ തന്നെ [ആയിരുന്നു]" (യെഹെസ്കേൽ 33:4; കൂടാതെ യോശുവ 2:19 നോക്കുക).

പൗലൊസ് പിന്നെ പള്ളി വിട്ടുപോയി; എന്നാൽ അവൻ ദൂരെ പോയി ല്ല, കാരണം ദൈവ – ഭക്തനായ[44] അടുത്തു തന്നെയുള്ള ഒരാൾ പൗലൊ സിന് ഉപയോഗിക്കുവാൻ, അവന്റെ വീട് നല്കി. നാം വായിക്കുന്നതു പൗലൊസ് "അവൻ അവിടം വിട്ടു തീത്തൊസ് യുസ്തൊസ്,[45] എന്ന ഒരു ദൈവ ഭക്തന്റെ വീട്ടിൽ ചെന്നു, അവന്റെ വീട് പള്ളിയോട് തൊട്ടി രുന്നു'' (വാക്യം 7).[46] ചിലർ വിചാരിക്കുന്നതു ഈ തിത്തൊസ് യുസ്തൊസ് ആണ് പൗലൊസ് തന്റെ സ്വന്തം കൈകൊണ്ട് സ്നാനപ്പെ ടുത്തിയ ഗായോസ്[47] എന്നാണ് (1 കൊരിന്ത്യർ 1:14), പിന്നീട് പൗലൊസ് കൊരിന്തിൽ ചെന്നപ്പോൾ (റോമർ 16:23).

യെഹൂദന്മാരോട് പള്ളിയുടെ അടുത്തു തന്നെ ക്രിസ്ത്യാനികൾക്കു കൂടിവരുവാൻ ദൈവത്തിന്റെ കരുണാധിക്യ പ്രകാരം നല്കിയ ദൈവികപ്രവൃത്തിയുടെ സ്പർശനം കാണാതിരിക്കാൻ പ്രയാസമാണ്.

പൗലൊസിന്റെ പ്രസംഗം കേൾക്കണമെന്ന് താലപര്യമുള്ളവർക്ക് അവരുടെ ശബ്ബത്തു നിത്യകർമങ്ങൾ മാറ്റേണ്ടി വന്നില്ല; പള്ളിയിലേക്കു പോകുന്നതിനു പകരം, അവർ തൊട്ടടുത്ത വീട്ടിലേക്കു ചെന്നു. പള്ളിക്കടുത്തു തന്നെയുള്ള ഒരു വീട്ടിനു മുന്നിൽ തേരുകൾ നിർത്തിയിട്ടിരിക്കുന്നതു യെഹൂദന്മാരെ അസന്തുഷ്ടരാക്കി, അവർ പള്ളിയിൽ തോറ വായിക്കുവാൻ തുടങ്ങുമ്പോൾ തൊട്ടടുത്ത വീട്ടിൽ യേശുവിനെ പാടി പുകഴ്ത്തുന്നതു തീർച്ചയായും അവരെ കോപിഷ്ടരാക്കി!

**ആനന്ദമുളവാക്കിയ ഫലങ്ങൾ**

അഥേനയിൽ ഫലങ്ങൾ കുറവായിരുന്നെങ്കിൽ, കൊരിന്തിൽ സ്തുത്യർഹമായിരുന്നു. (ഇതിനർത്ഥം ബുദ്ധിമാന്മാരെക്കാൾ അധാർമ്മികരാണോ ഫലപ്രദമാണന്നാണോ?) പിന്നീട്, കർത്താവ് പറഞ്ഞു തനിക്ക് കൊരിന്തിൽ "അനേകം ആളുകൾ" ഉണ്ട് എന്ന് (18:10) പൗലൊസ് അവരെ പഠിപ്പിച്ചുവെങ്കിൽ ആർ സുവിശേഷം അനുസരിച്ചിരിക്കും. വാക്യം 8 കൊയ്ത്തിന്റെ ആരംഭത്തെപ്പറ്റി പറയുന്നു. ആദ്യ പരിവർത്തകനെപ്പറ്റി പറയുന്നതു വിസ്മയിപ്പിക്കുന്നതാണ്: ''പള്ളിപ്രമാണിയായ,[48] ക്രിസ്പൊസ്, തന്റെ സകല കുടുംബത്തോടും കൂടെ കർത്താവിൽ വിശ്വസിച്ചു സ്നാനം ഏറ്റു"[49] (വാക്യം 8). ക്രിസ്പൊസിന്നു ക്രിസ്ത്യാനിയായിത്തീരുവാൻ എന്തു വില കൊടുക്കേണ്ടി വന്നു എന്നു ഊഹിക്കാൻ എനിക്കു സാദ്ധ്യമല്ല, എന്നാൽ നിങ്ങളിൽ ചിലർക്കു കഴിയും – കാരണം നിങ്ങൾ അത്തരം ആത്മിയ മാറ്റത്തിനു ധൈര്യപ്പെട്ടവരാണല്ലൊ! പൗലൊസ് അടുത്ത വീട്ടിലേക്കു നീങ്ങിയതു യെഹൂദന്മാരെ കുഴപ്പത്തിലാക്കി, അവരുടെ ഇടയിലെ ഒരു പ്രമാണി തന്നെ, പള്ളിയിൽ നിന്നു കൂറുമാറിയത് അവരെ തകർത്തു കളഞ്ഞു.[50]

"കർത്താവിൽ വിശ്വസിച്ചു" എന്ന പദപ്രയോഗത്തിൽ ഒരു ക്രിസ്ത്യാനിയായിത്തീരുവാൻ. അനുസരിക്കേണ്ട എല്ലാം ഉൾപ്പെട്ടിരിക്കുന്നു. 1 കൊരിന്ത്യർ 1:14-ൽ ക്രിസ്പൊസ് സ്നാനപ്പെട്ടതായി പൗലൊസ് പറയുന്നു (വാസ്തവത്തിൽ, അവൻ സ്വന്ത കൈകൊണ്ട് അവരെ സ്നാനപ്പെടുത്തി).

ക്രിസ്പൊസിന്റെ പരിവർത്തനത്തെ കുറിച്ചു പറഞ്ഞശേഷം, കൊരിന്തിൽ പൗലൊസിന്റെ പ്രസംഗത്തോട് പ്രതികരിച്ചവരെപ്പറ്റി ചുരുക്കി പറയുന്നുണ്ട്: ''കൊരിന്ത്യരിൽ അനേകർ[51] വചനം കേട്ടു വിശ്വസിച്ചു'' (വാക്യം 8) പ്രവൃത്തികളുടെ പുസ്തകത്തിൽ മറ്റെല്ലാവരും രക്ഷിക്കപ്പെട്ടതുപോലെ തന്നെയാണ് കൊരിന്ത്യരും രക്ഷിക്കപ്പെട്ടത്. "അനേകം പേർ'' വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്തു എന്നതിൽ സ്തെഫാനൊസിന്റെ കുടുംബം ഉൾപ്പെട്ടിരിക്കാം, പൗലൊസ് പിന്നീട് "അഖായയിലെ ആദ്യഫലമായി" സൂചിപ്പിച്ചതു അവരെ ആയിരിക്കാം (1 കൊരിന്ത്യർ 16:15; 1 കൊരിന്ത്യർ 1:16 കൂടെ നോക്കുക).[52]

**വീണ്ടും ഉറപ്പിക്കൽ പ്രോത്സാഹിപ്പിക്കുന്നു (വാക്യങ്ങൾ 9-11)**

ഒരിക്കൽ കൂടെ, പൗലൊസിന്റെ കൊരിന്തിലെ പ്രവർത്തനം വിജയത്തിന്മേൽ വിജയമായി കാണപ്പെടുന്നു. എങ്ങനെയായാലും, വാക്യങ്ങൾ

9 ഉം 10 ഉം നല്കുന്ന വിവരം, പൗലൊസ് അപ്പോഴും തന്റെ നിഷേധവികാരം അവനെ വിഷമിപ്പിച്ചു കൊണ്ടിരുന്നു എന്നാണ്. ഒരു പക്ഷേ, കൊരിന്തിൽ ഏർപ്പെട്ട കഠിനശോധന പല പരിവർത്തകരേയും പിന്തിരിപ്പിച്ചു കൊണ്ടിരുന്നു എന്നാണ്: ഒരു പക്ഷേ സ്വാധീനശക്തിയുള്ളവ സ്നാനപ്പെട്ടവരുടെ ഉയർന്ന ഭാവത്തെ നേരിടുവാൻ ശ്രമിച്ചു മടുത്തിട്ടാകാം. ഒരു പക്ഷേ അവൻ കൊരിന്തിൽ വരുന്നതിനു മുൻപു തന്നെ വൈകാരികമായി തളർന്നു പോയിരിക്കാം. അതിൽ നിന്നു മോചനം നേടുവാൻ സമയം എടുത്തു കാണും. 10-ാം വാക്യത്തിൽ നിന്നു ഒരു കാര്യം തീർച്ചയാക്കാം: യെഹൂദന്മാരിൽ നിന്നു അനുഭവിച്ച മോശമായ പെരുമാറ്റമാണ് പൗലൊസിനെ ഭയപ്പെടുത്തിയത്.

അതുകൊണ്ട്, ദൈവം, അവന്റെ ഭയത്തെ അതിജീവിക്കുവാൻ സഹായത്തിനായി അവസാനം ഒരു അനുഗ്രഹം നല്കി: യേശുവിന്റെ പ്രത്യേക സന്ദർശനവും സന്ദേശവും ദമസ്ക്കൊസിലേക്കുള്ള വഴി യിൽ, കൂടെ കൂടെ കർത്താവു അവനു പ്രത്യക്ഷനാകുമെന്ന് വാഗ്ദാനം ചെയ്തിരുന്നു (26:16). ആ പ്രത്യേക സന്ദർശനങ്ങളിൽ ഒന്നായിരുന്നു ഇത്.[53]

> രാത്രിയിൽ കർത്താവു ദർശനത്തിൽ പൗലൊസിനോടു, "നീ ഭയപ്പെടാതെ, പ്രസംഗിക്ക മിണ്ടാതിരിക്കരുത്; ഞാൻ നിന്നോടു കൂടെയുണ്ട്,[54] ആരും നിന്നെ കയ്യേറ്റം ചെയ്തു ദോഷപ്പെടുത്തുകയില്ല, ഈ പട്ടണത്തിൽ എനിക്കു വളരെ ജനം ഉണ്ട് എന്നു അരുളിചെയ്തു" (18:9, 10).

പൗലൊസ് ഭൂതകാലം, വർത്തമാനകാലം, ഭാവികാലം എന്നിവയിൽ നിമഗ്നനായിരിക്കാമെന്നു മുൻപു ഞാൻ പറഞ്ഞുവല്ലൊ; യേശു അവനു പ്രത്യക്ഷനായപ്പോൾ ഈ മൂന്നിനെ കുറിച്ചും അവനോട് പറയുന്നുണ്ട് കർത്താവ് ഭൂതകാലത്തെ ഒഴിവാക്കി: "ഭയപ്പെടേണ്ട" വർത്തമാനകാലത്തിന് ഉറപ്പുനല്കി: "പ്രസംഗിക്ക മിണ്ടാതിരിക്കരുത്; ഞാൻ നിന്നോടു കൂടെ ഉണ്ട്." ഭാവിയെ കുറിച്ച് പാവനമായ ഒരു വാഗ്ദാനം നല്കി: "ആരും നിന്നെ കയ്യേറ്റം ചെയ്തു ദോഷപ്പെടുത്തുകയില്ല, ഈ പട്ടണത്തിൽ എനിക്കു വളരെ ജനം ഉണ്ട്."

അടുത്ത പാഠത്തിൽ ഈ വാഗ്ദാനവും അതിന്റെ പൂർത്തീകരണവും വിശദമായി നാം പഠിക്കും. എങ്ങനെയായാലും, ഇപ്പോൾ, പൗലൊസിനു ലഭിച്ച സ്വർഗ്ഗീയ സന്ദർശനം പുതിയ ആത്മവിശ്വാസത്തിനു എന്നു ഞാൻ ലളിതമായി പറയട്ടെ. തന്റെ മിഷണറി യാത്രയിൽ ഏറ്റവും കൂടുതൽ കാലം താമസിച്ച, രണ്ടാമത്തെ സ്ഥലമായ കൊരിന്തിൽ അവൻ ഒന്നര വർഷം താമസിച്ചു:[55] "അങ്ങനെ അവൻ ഒരാണ്ടും ആറുമാസവും, അവരുടെ ഇടയിൽ ദൈവ വചനം ഉപദേശിച്ചുകൊണ്ട് താമസിച്ചു" (വാക്യം 11). ഈ സമയത്താണ്, പൗലൊസ് 1 ഉം 2 ഉം തെസ്സലൊനിക്യ ലേഖനം എഴുതിയത്.[56]

**ഉപസംഹാരം**

പൗലൊസിന്റെ കൊരിന്തിലെ പ്രവർത്തനങ്ങളിൽ നിന്നു അനേകം

പാഠങ്ങൾ നമുക്കു പഠിക്കാൻ കഴിയും: (1) ദൈവത്തിന്റെ ഏറ്റവും നല്ല ദാസന്മാർക്കും ചിലപ്പോൾ ഭയം നേരിട്ടു. പൗലൊസിനു ഉണ്ടായതു പോലെ. നമ്മുടെ ഭയത്തെ സമ്മതിക്കുന്നതിൽ ലജ്ജിക്കരുത്. (2) ഭയം നമ്മുടെ ഹൃദയത്തിൽ നിറയുമ്പോൾ, ദൈവം നമ്മെ ഉപേക്ഷിക്കയില്ല. മറിച്ച്, അവൻ നമ്മോടുകൂടെ ഇരുന്നു നമ്മെ സഹായിക്കും! പൗലൊസിനെ സഹായിച്ചതുപോലെ ഏതെങ്കിലും വിധത്തിൽ നമ്മെയും സഹായിക്കും: നമ്മെ പ്രോത്സാഹിപ്പിക്കേണ്ടതിനു, നമുക്ക് അവൻ സ്നേഹിതന്മാരെ തരും; നമ്മെ ശക്തിപ്പെടുത്തുവാനും, നമ്മെ നിലനിർത്തുവാൻ, വെല്ലുവിളികളുടെ അവസരവും നമുക്കുതരും (റോമർ 8:28). യേശു പൗലൊസിനോട് പറഞ്ഞു, "ഞാൻ നിന്നോടു കൂടെ ഉണ്ട്"; അവൻ നമ്മോടു പറയുന്നു, "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ട്" (മത്തായി 28:20). (3) നാം ഭയപ്പെട്ടാൽ പോലും, നാം ദൈവത്തെ ഉപേക്ഷിച്ചില്ലെങ്കിൽ, അവൻ നമ്മെ അനുഗ്രഹിക്കും. അവൻ പൗലൊസിനെ അനുഗ്രഹിച്ചു, അവൻ നമ്മെയും അനുഗ്രഹിക്കും (2 തിമൊഥെയൊസ് 4:17, 18)![57]

## പ്രസംഗകുറിപ്പുകൾ

അക്വിലാസിനെയും പ്രിസ്കില്ലയേയും ഒരു പ്രത്യേക അനുബന്ധ പാഠമായി, ഈ പ്രസംഗത്തിലോ അല്ലെങ്കിൽ അപ്പല്ലൊസിന്റെ പ്രസംഗത്തിലോ (18:24–28) അവതരിപ്പിക്കാം. പലപ്പോഴും പ്രിസ്കില്ലയുടെ പേർ അക്വിലാസിന് മുൻപു, നല്കിയിരിക്കുന്നത് ഒരു പക്ഷേ ഒരു കൂട്ടുവേല ചെയ്യുന്നതിനേക്കാൾ, അവർ രണ്ടുപേരും ചേർന്നു പ്രവർത്തിച്ചിരുന്നു എന്നു സൂചിപ്പിക്കുന്നു. ഈ ദമ്പതികളെക്കുറിച്ചുള്ള മറ്റുവിവരങ്ങൾ റോമർ 16:3–5; 1 കൊരിന്ത്യർ 16:19; 2 തിമൊഥെയൊസ് 4:19 ലും കാണാം.

പ്രവൃത്തികൾ 18:9, 10 വാക്യങ്ങളിലെ യേശുവിന്റെ വാക്കുകളെ ആസ്പദമാക്കി പുസ്തക പാഠമാക്കി പോൾ റോജേഴ്സ് ഉപയോഗിച്ചിട്ടുണ്ട്: (1) "ഭയപ്പെടേണ്ട" (പൊതുവായി ഭയത്തെകുറിച്ചു പറയുക). (2) "പ്രസംഗിക്ക മിണ്ടാതിരിക്കരുത്" (മറ്റുള്ളവരോട് യേശുവിനെ കുറിച്ചു പറയേണ്ട ഊന്നൽ കൊടുക്കുക). (3) "ഞാൻ നിന്നോടു കൂടെയുണ്ട്, യാതൊരുത്തനും ... നിന്നെ കയ്യേറ്റം ചെയ്യുകയില്ല" (യേശു നമ്മോടു കൂടെ ഉണ്ടെന്നും അവൻ നമ്മെ സംരക്ഷിക്കുമെന്നും ഉള്ള വാഗ്ദാനം എടുത്തുകാണിക്കുക [മത്തായി 28:20; 2 തെസ്സലൊനിക്യർ 3:3; മുതലായവ]).

---

കുറിപ്പുകൾ

[1]ഈ പുസ്തകത്തിലുള്ള "പൗലൊസിന്റെ ഒന്നാമത്തെയും രണ്ടാമത്തെയും മിഷണറിയാത്ര"യുടെ പടം നോക്കുക. ശ്രദ്ധിക്കുക: പൗലൊസ് കരമാർഗ്ഗമാണോ കടൽമാർഗ്ഗമാണോ പോയതു എന്നു നമുക്കറിയില്ല. രണ്ടിനും സാദ്ധ്യതയുണ്ട്. [2]നിങ്ങളുടെ പ്രദേശത്തെ ടൗണിനേയും ഒരു വലിയ നഗരത്തെയും എടുത്തുകാണിക്കുക, അർക്കൻസാസി

ലാണെങ്കിൽ, "ഫയറ്റെ വില്ല [ദ സ്ഥലം അർക്കൻസാസ് യൂണിവേഴ്സിറ്റി] മുതൽ ലിറ്റിൽ റോക്ക് വരെ [സംസ്ഥാന തല്സ്ഥാനവും വലിയ നഗരവും]." [3]എന്റെ NASB പകർപ്പിൽ, "എനിലോംഗർ" എന്നതു ചരിച്ചെഴുതിയിരിക്കുന്നു, സൂചിപ്പിക്കുന്നതു തർജ്ജിമക്കാർ കൂട്ടിച്ചേർത്തു എന്നാണ്. എങ്ങനെയായാലും, യേശുവിന്റെ വാക്കുകളിൽ ഉപയേഗിച്ചിരിക്കുന്ന കാലം ഗ്രീക്കിൽ നോക്കിയാൽ പൗലൊസിന്റെ ഭയം തുടർന്നിരുന്നു എന്നുകാണാം. "എനിലോംഗർ" എന്ന വാക്കുകൾ സൂചിപ്പിക്കുന്നതു അതാണ്. [4]ഇതിനു മുൻപു പൗലൊസ് എഴുതി സൂക്ഷിച്ചിരുന്നതു ഗലാത്യ ലേഖനം ആകാം. [5]മുൻപുള്ള പാഠങ്ങളിൽ അനുബന്ധമായി ഗലാത്യർ 1 ഉം 2 ഉം നാം ഉപയോഗിച്ചിട്ടുണ്ട്. [6]ഈ പാഠത്തിൽ വരുന്ന 18:5 ന്റെ നോട്ടുകൾ നോക്കുക. [7]കൊരിന്തിലെ അന്നത്തെ ജനസംഖ്യകണക്കാക്കിയിരുന്നത് 200,000 മുതൽ 500,000 വരെ ആയിരുന്നു. [8]ഈ പാഠത്തിലെ "പൗലൊസിന്റെ ഒന്നും രണ്ടും മിഷണറിയാത്രയുടെ പടം" നോക്കുക. ഇതിഹാസദേവനായിരുന്ന പൊസെയിഡോനെ ആദിരക്കുവാനായി രണ്ടുവർഷത്തിലൊരിക്കൽ കൊരിന്ത് ഇസ്ത്മിയൻ ഗെയിംസ് നടത്തും. അതുകൊണ്ട് പൗലൊസ് കൊരിന്ത്യർക്കു ലേഖനം എഴുതുമ്പോൾ കായിക ചിത്രീകരണങ്ങൾ ഉപയേഗിച്ചിട്ടുണ്ട് (1 കൊരിന്ത്യർ 9:24-27). [9]ആവോൻ മാലോൺ, "ദ പ്രീച്ചിങ്ങ് ഇൻ കൊരിന്ത്," *ആക്ട്സ്, ദ സ്പ്രെഡിങ്ങ് ഫ്ളെയിം* (സിയേഴ്സി, ആർക്ക്.: ഹാർഡിങ്ങ് യൂണിവേഴ്സിറ്റി, 1989), 199. [10]അടുത്ത പാഠമായ "കർത്താവ് തന്റെ വചനം എപ്പോഴും കാത്തുകൊള്ളും" എന്നതിലെ, 18:18 കൂടാതെ റോമർ 16:1 നോക്കുക.

[11]റോമിലേക്കുള്ള കപ്പലുകൾ അതേപടിതിരിച്ചുവരും. [12]നീറോയുടെ കാലത്താണ് ഇസ്തുമസ് കനാൽ പണിതുടങ്ങിയത് 1893 അവസാനിച്ചു. ഇന്നും ചെറിയ കപ്പലുകൾ കനാലിൽ കൂടെ കടന്നു പോകുന്നു. [13]അക്രൊ - കൊരിന്ത് മുൻപും (ഇന്നും) 1,886 അടി ഉയരത്തിലാണ്. [14]ഈ ദേവതയെ റോമാക്കാർ വീനസ് എന്നു വിളിച്ചിരുന്നു. [15]പൗലൊസിന്റെ സന്ദർശനത്തിനു മുൻപുണ്ടായിരുന്നതായിരുന്ന ഈ ചരിത്രപരമായസൂചനകൾ, എന്നാൽ. എന്നാൽ ഈ പരിശീലനം അന്നും തുടർന്നിരുന്നു. 1 കൊരിന്ത്യർ 6:15, 16, 18 ശ്രദ്ധിക്കുക. [16]പതിനേഴാം നൂറ്റാണ്ടിന്റെ അവസാനത്തിൽ "ഒരു കൊരിന്ത്യൻ" കുടിച്ചു മത്തനായ ഒരാളാണെന്ന് ഷെയിക്സ്പിയർ ചിത്രീകരിച്ചിരിക്കുന്നു. [17]കൊരിന്തിലെ അനേക ക്ഷേത്രങ്ങളിലും മനോഹരമായ ഒന്നായിരുന്നു അപ്പോളോ. പാർഥെനോണിനു നൂറുവർഷം മുൻപ് പണിതായിരുന്നു. അതിന്റെ ആരംഭത്തിലുണ്ടായിരുന്ന മുപ്പത്തി - എട്ടു ഏകശില സ്തംഭത്തിൽ ഏഴെണ്ണം ഇപ്പോഴും നില്ക്കുന്നു. [18]ഒന്നു കൊരിന്ത്യർ 1:21 പ്രത്യേകമായി കൊരിന്ത്യരെ സൂചിപ്പിക്കുന്നു, എന്നാൽ അതു അഥേനക്കാരെയും ബാധിക്കുന്നതായിരുന്നു. [19]അക്വിലാസിനെ പ്രത്യേകിച്ചു "ഒരു ... യെഹൂദൻ" എന്നു വിളിച്ചിരിക്ക കൊണ്ട്, ചിലർ വിചാരിക്കുന്നതു പ്രിസ്കില്ല ഒരു ജാതിയിൽപ്പെട്ടവൾ ആയിരുന്നു എന്നാണ്; ഒരു പക്ഷേ, രണ്ടുപേരും, യെഹൂദന്മാരായിരുന്നേക്കാം. [20]"അക്വിലാസ്" എന്നതു റോമൻ പേരാണ്, അർത്ഥം "പരുന്ത്" എന്നാണ്.

[21]വടക്കൻ ആസ്യയിലെ ഒരു റോമൻ നാടായിരുന്ന പൊന്തൂസ്. ഈ പുസ്തകത്തിലെ പൗലൊസിന്റെ ഒന്നും രണ്ടും മിഷണറിയാത്രയുടെ പടം നോക്കു. പൊന്തൂസിലെ യെഹൂദന്മാർ പെന്തെകൊസ്തു നാളിൽ ഉണ്ടായിരുന്നു (പ്രവൃത്തികൾ 2:9). ഏതോ സമയത്ത് അവിടെ സഭ ആരംഭിച്ചിട്ടുണ്ട് (1 പത്രൊസ് 1:1). [22]ക്ലൗദ്യോസിനെ മുൻപു 11:28-ൽ പറഞ്ഞിട്ടുണ്ട്. ക്ലൗദ്യോസ് ചക്രവർത്തിയുടെ പേർ മാത്രമാണ് പുതിയ നിയമത്തിൽ രണ്ടു പ്രാവശ്യം പറഞ്ഞിട്ടുണ്ട്. [23]പൗലൊസ് എത്തുന്നതിനു തൊട്ടു മുൻപായിരിക്കാം അക്വീലാവും പ്രിസ്കില്ലയും അവിടെ എത്തിയത്. [24]ഉദ്ധരിച്ചത് എഫ്.എഫ്. ബ്യൂസ് *ദ ബുക് ഓഫ് ആക്സ്*, റെവ.ഇഡി., *ദ ന്യൂ ഇന്റർ നാഷണൽ കമെന്റെറി ഓൺ ന്യൂ ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം.ബി. ഏർഡമാൻസ് പബ്ലിഷിങ്ങ് കമ്പനി., 1988), 347. [25]"ക്രെസ്റ്റസും" "ക്രിസ്തോസും" ഒന്നുപോലെ തോന്നും. അനേകം സാഹിത്യകൃതികളുടെ ആവ്വിർഭാവത്തിൽ ഗ്രന്ഥകർത്താവ് ശാസ്ത്രീയമായി കരുതിയിരിക്കുന്നു. [26]തീർച്ചയായും, ക്രിസ്ത്യാനിയായിതീർന്ന യെഹൂദന്മാരെ പുറത്താ

ക്കിയിരിക്കും. ചിലർ വിചാരിക്കുന്നത് എബ്രായലേഖനം എഴുതിയത് റോമിലെ യെഹൂ
ദക്രിസ്ത്യാനികൾക്കാണെന്നും എബ്രായർ 10:32–34 പറയുന്നതു ആ പുറത്താക്കലിനെ
യാണെന്നും അതു അവരെ ബാധിച്ചിരുന്നു എന്നുമാണ്. [27]അത് അങ്ങനെയാണെങ്കിൽ,
അകിലാസും യെഹൂദൻ എന്നു പറഞ്ഞതു പ്രിസ്കില്ലയേയും, റോമിൽ നിന്നു പുറ
ത്താക്കുവാനുള്ള കാരണം വിവരിക്കുവാനാകാം. [28]സംഘം എന്നതു ഒരേ തൊഴിൽ
ചെയ്യുന്നവർ കൂടിയിരിക്കുന്നതിനെയാണ്. ഏതാണ്ട് U.S. ലെ യൂണിയൻ പോലെ. [29]“
പ്രിസ്ക” എന്നതു “പ്രിസ്കില്ല” യുടെ ഔപചാരികമായി വിളിക്കുന്നതാണ്. (1 കൊരി
ന്ത്യർ 16:19 2 തിമൊഥെയൊസ് 4:19) ഒരു നിയമമായി, ലൂക്കൊസ് അനൗപചാരിക പേരു
കളും പറയാറുണ്ട്. [30]പൗലൊസ് ഇതെഴുതുമ്പോൾ അകീലാസും പ്രിസ്കില്ലയും തിരിച്ച്
റോമിലേക്കു പോയിരുന്നു. ചില ലൗകിക എഴുത്തുകൾ സൂചിപ്പിക്കുന്നതു റോമിൽ
നിന്നു യെഹൂദന്മാരെ പുറത്താക്കിയതു ഒരു വർഷമേ നീണ്ടു നിന്നുള്ളു എന്നാണ്.

[31]മറ്റൊരു കച്ചവടമോ തൊഴിലോ പഠിക്കുന്നതും പരിശീലിക്കുന്നതും ഒരു റബ്ബിയെ
സംബന്ധിച്ച് അനന്യ സാധാരണയായിരുന്നു. യഥാർത്ഥ ജീവിതവുമായി റബ്ബിമാർക്കു
ബന്ധപ്പെടുവാൻ കഴിയുമെന്ന് യെഹൂദന്മാർ വിശ്വസിച്ചിരുന്നു. [32]ഒരു പക്ഷേ പൗലൊ
സിന്റെ അപ്പനാകാം അവനെ കൂടാരപ്പണി പഠിപ്പിച്ചത്. സാധാരണ മക്കൾ അപ്പന്മാരുടെ
തൊഴിൽ പിന്തുടരും. [33]താൻ എവിടെയായാലും തന്റെ കാര്യങ്ങൾ സ്വയം നടത്തുക
എന്നതായിരുന്നു പൗലൊസിന്റെ നയം. അവൻ ആരോട് പ്രസംഗിച്ചുവോ അവരിൽ
നിന്നു ശമ്പളം വാങ്ങിയില്ല (പ്രവൃത്തികൾ 20:34; 1 കൊരിന്ത്യർ 9:1–18; 2 കൊരിന്ത്യർ
11:7–9; ഫിലിപ്പിയർ 4:15–17; 1 തെസ്സലൊനിക്യർ 2:9; 4:11; 2 തെസ്സലൊനിക്യർ 3:8). എങ്ങ
നെയായാലും, നാം കാണുന്നത് അവൻ മറ്റു ഇടവകകളിൽ നിന്നു സഹായം സ്വീകരി
ച്ചിരുന്നു എന്നാണ്. താൻ പഠിപ്പിച്ചവരിൽ നിന്നു സഹായം സ്വീകരിക്കുന്നതു ശരിയാ
ണെന്നു പൗലൊസ് പറഞ്ഞിട്ടുണ്ട് (1 കൊരിന്ത്യർ 9:1–18). നാം പാഠത്തിൽ കണ്ടതുപോ
ലെ, പൗലൊസ് വിമർശനം ഒഴിവാക്കുവാനാണ് സഹായം കൈപ്പറ്റിയിരുന്നത്. എന്നാൽ
അവന്റെ ശത്രുക്കൾ പിന്നെ അവനെ വിമർശിക്കുന്നത് (2 കൊരിന്ത്യർ 11:7–9). ഒരു പക്ഷേ
ആളുകൾ വെറുതെ കുറ്റം കണ്ടെത്തുവാൻ ശ്രമിച്ചതാകാം. അവർക്കു വിമർശിപ്പാൻ
*എന്തെങ്കിലും* കിട്ടും. [34]മറ്റു പട്ടണങ്ങളിൽ, പിന്നീട്, അകിലാസിന്റേ പ്രിസ്കില്ലയുടേയും
വീട്ടിൽ സഭ കൂടി വന്നു. (റോമർ 16:3–5; 1 കൊരിന്ത്യർ 16:19.) [35]പുനർ നിർമ്മിച്ച കല്ലിന്മേ
ലുള്ള മേലെഴുത്ത് “എബ്രായരു [ടേത്] ആയ പള്ളിയുടേതായിരുന്നു.” അന്നു ബി.സി.100
നും എ.ഡി. 200 നും ഇടക്കുള്ള കാലയളവിലധികം ലേഖേയമിലേക്കുള്ള വഴിക്കരികി
ലായിരുന്നു ആ കല്ല് കണ്ടെടുത്തത്. [36]അഥേനയിലേക്കു വരുന്നതിനു പകരം തെസ്സ
ലൊനിക്യയിലേക്ക് പോകാൻ പൗലൊസ് തിമൊഥെയൊസിന് വിവരം എത്തിച്ചിരിക്കാം.
1 തെസ്സലൊനിക്യർ 3:1, 2 ന്റെ സ്വാഭാവി വ്യാഖ്യാനം, എങ്ങനെയായാലും തിമൊഥെ
യൊസ് ആദ്യം അഥേനയിൽ വരികയും പിന്നെ തെസ്സലൊനിക്യർക്കു പോയി എന്നുമാ
ണ്. [37]ശീലാസും തിമൊഥെയൊസും ഫിലിപ്പിയയിൽ നിന്നു സഹായം എത്തിച്ചു എന്ന
തിനാലാണ് ഈ സാദ്ധ്യത. പൗലൊസ് തിമൊഥെയൊസിനെ തെസ്സലൊനിക്യയിലേക്ക്
അയച്ചതുപോലെ ശീലാസിനെ അയച്ചതു അവിടെ സഹോദരങ്ങൾ എങ്ങനെയിരിക്കുന്നു
എന്നറിയാനാകാം (പിന്നീടു പുസ്തകത്തിൽ വരുന്ന നോട്ടുകൾ നോക്കുക). തിമൊഥെ
യൊസ് തെസ്സലൊനിക്യയിൽ നിന്നു വരുന്നതുകൊണ്ട് ശീലാസ് ഫിലിപ്പിയയിൽ നിന്നു
വന്നു എന്നു കണക്കാക്കാം – പൗലൊസ് അവനെ അയച്ചതിന്റെ ഉദ്ദേശം മുൻപറഞ്ഞ
താണ്. [38]ഫിലിപ്പിയയിലെ ക്രിസ്ത്യാനികൾ മാത്രം പൗലൊസ് മക്കെദോന്യവിട്ട ശേഷം
സഹായിച്ചതുകൊണ്ട് (ഫിലിപ്പിയർ 4:15, 16), ശീലാസും തിമൊഥെയൊസും മക്കെദോന്യ
വഴിയാണ് ആ സഹായം എത്തിച്ചതു എന്നതുകൊണ്ടും (2 കൊരിന്ത്യർ 11:9), ആ
സഹായം ഫിലിപ്പിയയിൽ നിന്നു വന്നതാകാം. [39]“സഹോദരന്മാർ” പ്രയോഗം ശീലാ
സിനേയും തിമൊഥെയൊസിനേയും, അല്ലെങ്കിൽ അതാരെപ്പറ്റി എന്ന് നമുക്കറിയില്ല. [40]
മൂല ഗ്രന്ഥത്തിൽ അക്ഷരികമായി “വാസ് പ്രെസ്ഡ് [അല്ലെങ്കിൽ ‘ടു’ അല്ലെങ്കിൽ ‘ഇൻ’]”
എന്നാണ്. (KJV യിൽ “പ്രെസ്ഡ് ഇൻ ദ സ്പിരിട്ട്” എന്നാണ്). ഇതിനർത്ഥം ദൈവ

വചനം പൗലൊസിനെ സമ്മർദ്ദിച്ചിരുന്നു എന്നാണ്. (യിരെമ്യാവിന്റെ അസ്ഥിയിലേ തീ പോലെ) ധൈര്യപ്പെടുവാൻ തന്റെ കേൾവിക്കാരിൽ ദൈവവചനത്തിന്റെ ഊന്നൽ ചെലുത്തി എന്നർത്ഥം. അനേകം തർജ്ജിമക്കാരും വ്യാഖ്യാതാക്കളും കരുതുന്നത് പൗലൊസിനു മക്കെദോന്യയിൽ നിന്നു ലഭിച്ച സഹായം അവനെ അത്യുൽസാഹ ത്തോടെ സുവിശേഷ ഘോഷത്തിനു ശക്തീകരിച്ചു എന്നാണ് - (ചുരുങ്ങിയതു കുറേ നാളത്തേക്ക്) കൈത്തൊഴിൽ ചെയ്യേണ്ടിരുന്നില്ല എന്നതുകൊണ്ട് NIV യിൽ "ഡിവോ ട്ടെഡ് ഹിംസെൽഫ് എക്സ് ക്ലൂസിവ്ലി ടു പ്രീച്ചിങ്ങ്" (കൂടാതെ NEBയും TEVയും നോക്കുക).

[41]കൊരിന്ത്യയിലെ പൗലൊസിന്റെ അടിസ്ഥാന സന്ദേശത്തിന്റെ വിപുലീകരണത്തിന് 1 കൊരിന്ത്യർ 1:18–25; 2:2; 15:1–8 നോക്കുക. ക്കൽ കൂടെ, പൗലൊസിന്റെ പ്രസ്താവന യായ ജാതികളുടെ അടുക്കലേക്ക് പോകും എന്നതിനു പ്രാദേശിക പ്രാധാന്യമേയുള്ളു. അവന് അവസരം കിട്ടിയതുപോലെ അവൻ യെഹൂദന്മാരോട് തുടർന്നു പ്രസംഗിച്ചു കൊണ്ടിരുന്നു (വാക്യം 19). [43]പ്രവൃത്തികൾ 3–ാം ലക്കത്തിലെ 13:50, 51 നോട്ടുകൾ നോക്കു ക. ഇതേ പഴയ നിയമ ഉദാഹരണത്തിനു നെഹെമ്യാവ് 5:13 നോക്കുക. [44]"വർഷിപ്പർ ഓഫ് ഗോഡ്" എന്ന പ്രവൃത്തികളിലെ വാക്ക് സൂചിപ്പിക്കുന്നത്. ദൈവ - ഭക്തിയുള്ള വൻ എന്നാണ്. തിത്തിയസ് യെസ്തോസ് ഒരു പക്ഷേ എപ്പോഴെങ്കിലും ക്രിസ്ത്യാനി യായി കാണും. പൗലൊസിനു അവന്റെ വീട് ഉപയോഗിക്കാൻ കൊടുത്തതിനു മുൻപോ പിൻപോ ആകാം. [45]ഈ തിത്തൊസ് ആണ് പിന്നീട് പൗലൊസിനോട് കൂടെ യാത്ര ചെയ്തിരുന്നത് എന്നാണ് (തിത്തൊസ് 1:4, 5). അതിനു സാദ്ധ്യത കുറവാണ്. [46]ഇതി നർത്ഥം പൗലൊസ് അക്വിലാസിന്റേയും പ്രിസ്കില്ലയുടേയും വീട് വിട്ടു തിത്തിയസ യെസ്തോസിന്റെ വീട്ടിൽ താമസമാക്കി എന്നല്ല. യേശുവിനെ കുറിച്ചു കൂടുതൽ പഠി ക്കാൻ താല്പര്യമുള്ളവർക്കു വേണ്ടി തിത്തിയസ് യെസ്തൊസിന്റെ വീട് ഉപയോഗി ച്ചു. [47]റോമാക്കാർക്കു മൂന്നു പേരുണ്ടാകുന്നതു സാധാരണയാണ്. [48]പള്ളിപ്രമാണിയുടെ ഉത്തരവാദിത്വമാണ് അവിടെ ആരാധനക്കുള്ള സൗകര്യം ഒരുക്കുന്നത് (13:15 നോക്കു ക). കൊരിന്തിലെ പള്ളിയിൽ ഒന്നിലധികം പ്രമാണിമാർ ഉണ്ടായിരുന്നേക്കാം (13:15 നോക്കുക); അവരിൽ ഒരാൾ ക്രിസ്പ്പൊസും മറ്റൊരാൾ സൊസ്തെനോസും, ആയി രിക്കാം (18:17). എങ്ങനെയായാലും, കൂടുതൽ സാദ്ധ്യത, ക്രിസ്പ്പൊസ് ക്രിസ്ത്യാനിയാ പ്പോൾ സൊസ്തെനോസിനെ നിയമിച്ചിരിക്കുന്നത്. [49]പ്രവൃത്തികളിൽ ഇതു മൂന്നാമത്തെ "കുടുംബ പരിവർത്തനമാണ്." പ്രവൃത്തികൾ 3–ാം ലക്കത്തിലെ 16:15 ന്റെ നോട്ടുകൾ നോക്കുക. [50]അടുത്ത പാഠത്തിലെ 18:12–17 നാം പഠിക്കുമ്പോൾ ഇതു മനസിൽ വെക്കു ക.

[51]ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ഒരു മുഖ്യഭാഗമാണ് ദൈവ വചനം കേൾക്കുക എന്നത് (റോമർ 10:17). [52]മുൻപൊരിക്കലും പ്രസംഗിച്ചിട്ടില്ലാത്ത പ്രസംഗം എന്നതിലെ 17:34 ന്റെ നോട്ടുകൾ നോക്കുക. അഥേനയിലല്ല, കൊരിന്തിലാണ് സ്തെഫാനൊസും കുടുംബവും സ്നാനമേറ്റത് എന്നാണ് എന്റെ അഭിപ്രായം. "കൊരിന്തിനെ സംബന്ധിച്ച്" "അഖായയിലെ ആദ്യ ഫലം" എന്ന പ്രയോഗം അങ്ങനെ വേണം മനസിലാക്കുവാൻ. [53]പൗലൊസിനു നല്കിയ മറ്റു പ്രത്യക്ഷതകൾ പ്രവൃത്തികൾ 9:1–6; 22:17, 18; 23:11; 27:23–25; 2 തിമൊഥെയൊസ് 4:16, 17–ൽ കാണാം. [54]യെശയ്യാവ് 43:5 നോക്കുക. [55]അവൻ നീണ്ട നാൾ എഫെസൊസിൽ പാർത്തു (19:10). [56]തിമൊഥെയൊസ് കൊരിന്തിൽ പൗലൊസിനെ വിവരം ധരിപ്പിച്ച ഉടനെ എഴുതിയതാണ് ഒന്നു തെസ്സലൊനിക്യർ (1 തെസ്സലൊനിക്യർ 3:6). പിന്നെ തിമൊഥെയൊസിനെ ആ ലേഖനവുമായി അയച്ചു. അവൻ മടങ്ങി വന്ന പ്പോൾ ഒരു പിൻ - തുടർച്ചാ ലേഖനം എഴുതി പൗലൊസ് ഈ രണ്ടാം ലേഖനവും കൊരിന്തിൽ നിന്നു എഴുതി എന്ന് ഏതാണ്ട് ഉറപ്പിക്കാം (2 തെസ്സലൊനിക്യർക്കു എഴു തിയപ്പോൾ ഒന്നാം വാക്യത്തിൽ തന്നെ ശീലാസിനെ പരാമർശിച്ചതു ശ്രദ്ധിക്കുക. കൊരി ന്തിലായിട്ടാണ് പ്രവൃത്തികളുടെ പുസ്തകത്തിൽ അവസാനമായി ശീലാസിനെ കുറിച്ചു പറഞ്ഞത് [18:5]). [57]ഈ പാഠം ഒരു പ്രസംഗമായി ഉപയോഗിക്കുകയാണെങ്കിൽ ക്ഷണം

ക്രിസ്പ്പൊസിന്റെ പരിവർത്തനമാക്കി മാറ്റാം. ക്രിസ്തുവിന് വേണ്ടി ഒരു തീരുമാനം എടുക്കുവാൻ അവനുള്ള പ്രിയപ്പെട്ട വില കൊടുക്കേണ്ടിവന്നു. എന്നാൽ അതു ശരിയായ പ്രതികരണം ആയിരുന്നു. ക്രിസ്പ്പൊസ് എടുത്ത തീരുമാനം എന്തു വിലകൊടുക്കേണ്ടി വന്നാലും ഒരു വെല്ലുവിളിയായി എടുക്കാൻ കേൾവിക്കാരെ ആഹ്വാനം ചെയ്യുക.